# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1762 18.06.2012-ൽ മറുപടിയ്ക്ക്

**സംസ്ഥാനത്തെ ക്രമസമാധാന പരിപാലനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ.എ.കെ. ബാലൻ<br>ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ക്രമസമാധാന പരിപാലനത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം, ഒരു വർഷമായി പിന്തള്ളപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) ക്രമസമാധാന പരിപാലനത്തിൽ കേരളം പിന്തള്ളപ്പെട്ടു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കൊലപാതകം, ഭവനഭേദനം, കവർച്ച, സ്ത്രീപീഡനം, ബലാത്സംഗം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവയെല്ലാം സംസ്ഥാനത്ത് ഗണ്യമായ തോതിൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) 2009 മുതൽ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഇത്തരം കുറ്റകൃത്യങ്ങളിൽ നേരിയ വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. കേരള സംസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളുടെ ദൂരപരിധി കുറവായതിനാലും കുറ്റകൃത്യങ്ങൾക്ക് വിധേയരായാൽ അക്കാര്യം നിയമനടപടിക്കായി റിപ്പോർട്ട് ചെയ്യപ്പെടണമെന്നുള്ള അവബോധം പൊതുജനങ്ങൾക്ക് ഉള്ളതിനാലും റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ കുറ്റകൃത്യങ്ങളിന്മേലും ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നതിനാലും കേരളത്തിലെ ക്രൈം കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉള്ളതായി കാണുന്നു. |
| (സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ തലസ്ഥാനത്തുണ്ടായ കൊലപാതകങ്ങൾ എത്രയാണ്; കുറ്റകൃത്യങ്ങൾ ഇത്രയും വർദ്ധിക്കാനിടയായതിനെക്കുറിച്ച് ഫലപ്രദമായ പരിശോധനയും തുടർ നടപടികളും സ്വീകരിക്കാൻ തയ്യാറാകുമോ? | (സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ തലസ്ഥാന ജില്ലയിൽ 50 (തിരുവനന്തപുരം സിറ്റി - 9, തിരുവനന്തപുരം റൂറൽ - 41) കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. കുറ്റ കൃത്യങ്ങൾ നേരിയ തോതിൽ വർദ്ധിച്ചിരിക്കുന്നതിനെക്കുറിച്ച് പരിശോധനയും ഫലപ്രദമായ തുടർ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.